# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.524 — 07.01.2014-ൽ മറുപടിക്ക്

ചോദ്യം — മറുപടി

**ശ്രീ.ബാബു.എം.പാലിശ്ശേരി**

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

**വിവിധ പദ്ധതികൾക്ക് കണക്കാക്കപ്പെട്ട മൊത്തം പദ്ധതി ചെലവ്**

| | | |
|---|---|---|
| (എ) | കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം അന്താരാഷ്ട്ര ടെർമിനൽ, കൊച്ചി മെട്രോ, ഇടുക്കി പാക്കേജ്, ഉൾനാടൻ ജലഗതാഗതം, വയനാട് പാക്കേജ്, മുല്ലപ്പെരിയാർ ഡാം, ഹൈസ്പീഡ് റെയിൽവെ കോറിഡോർ, തിരുവനന്തപുരം-കോഴിക്കോട് മോണോ റെയിൽ പ്രോജക്ട്, മൊബിലിറ്റി ഹബ്ബ്, നീരവികസനപദ്ധതി എന്നീ പദ്ധതികൾക്ക് കണക്കാക്കപ്പെട്ട മൊത്തം പദ്ധതി ചെലവ്, 2011-12, 2012-13, 2013-14 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക, ഇതേ കാലയളവിൽ യഥാർത്ഥത്തിൽ ഖജനാവിൽനിന്നും ചെലവഴിച്ച തുക, പദ്ധതി നിർവ്വഹണം എത്ര ശതമാനം പുർത്തീകരിച്ചു എന്ന് വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഈ പദ്ധതികൾക്ക് 2011-12, 2012-13, 2013-14, സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക, ഇതേ കാലയളവിൽ യഥാർത്ഥത്തിൽ ഖജനാവിൽ നിന്നും ചെലവഴിച്ച തുക എന്നീ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. ഈ പദ്ധതികൾക്ക് കണക്കാക്കപ്പെട്ട മൊത്തം പദ്ധതി ചെലവ്, പദ്ധതി നിർവ്വഹണം എത്ര ശതമാനം പൂർത്തീകരിച്ചു എന്നീ വിശദാംശങ്ങൾ അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു. |

Bindu
സെക്ഷൻ ഓഫീസർ

# അനുബന്ധം-1

| പദ്ധതിയുടെ പേര് | 2011-12 | | 2012-13 | | 2013-14 | | |
|---|---|---|---|---|---|---|---|
| | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക | ബഡ്ജറ്റ് വിഹിതം | | ചെലവഴിച്ച തുക |
| | തുക കോടിയിൽ | | | | | | |
| കണ്ണൂർ വിമാനത്താവളം | 10.00 | 82.21 | 50.00 | 256.10 | 0.01 | ടി പദ്ധതികൾക്ക് പ്രധാന മൂലധന പദ്ധതികൾക്കുള്ള വിഹിതമായി 846.03 കോടി രൂപ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. | 0.00 |
| വിഴിഞ്ഞം അന്താരാഷ്ട്രാ ടെർമിനൽ | 145.00 | 197.85 | 223.68 | 223.68 | 0.01 | | 0.00 |
| കൊച്ചി മെട്രോ | 25.50 | 53.00 | 119.00 | 394.00 | 0.01 | | 117.00 |
| ഹൈസ്പീഡ് റയിൽ കോറിഡോർ | 50.00 | 50.00 | 1.00 | 1.00 | 0.01 | | 0.00 |
| തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ | 0.00 | 0.00 | 0.00 | 0.00 | 0.01 | | 10.00 |
| മൊബിലിറ്റി ഹബ് | 5.00 | 5.00 | 10.00 | 1.05 | 0.01 | | 0.00 |
| ഇടുക്കി പാക്കേജ് | 50.00 | 0.00 | 0.00 | 0.00 | 0.00 | | 0.00 |
| വയനാട് പാക്കേജ് | 0.00 | 0.00 | 25.00 | 22.53 | 19.00 | | 5.08 |
| ഉൾനാടൻ ജല ഗതാഗതം | 7.75 | 8.25 | 25.30 | 3.81 | 117.17 | | 1.37 |
| മുല്ലപ്പെരിയാർ ഡാം | 5.00 | 0.00 | 50.00 | 0.00 | 50.00 | | 0.00 |
| നീര വികസന പദ്ധതി | 0.00 | 0.00 | 0.00 | 0.00 | 0.01 | | 0.00 |

സെക്ഷൻ ഓഫീസർ

**അനുബന്ധം-2**

| | മൊത്തം പദ്ധതി ചെലവ് | പദ്ധതി നിർവ്വഹണം എത്ര ശതമാനം പൂർത്തീകരിച്ചു |
|---|---|---|
| | തുക കോടിയിൽ | |
| കണ്ണൂർ വിമാനത്താവളം | 1,792.00 | വിമാനത്താവള പ്രവൃത്തി ആരംഭ ഘട്ടത്തിലാണ്. |
| വിഴിഞ്ഞം അന്താരാഷ്ട്രാ ടെർമിനൽ | ഒന്നാം ഘട്ട പദ്ധതി ചെലവ് 4010 കോടി രൂപയാണ് | ഭൂമി ഏറ്റെടുക്കൽ, നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ജല ലഭ്യത എന്നിവ പൂർത്തിയായി. പാരിസ്ഥിതികാനുമതി, ഡീറ്റയിൽഡ് പ്രൊജക്ട് റിപ്പോർട്ട്, മാസ്റ്റർ പ്ലാൻ തയ്യാറാക്കി. പദ്ധതിക്കാവശ്യമായ വൈദ്യുതി എത്തിക്കാനുള്ള പ്രവർത്തനങ്ങൾ, ടെൻഡർ നടപടികൾ എന്നിവ ആരംഭിച്ചു. |
| കൊച്ചി മെട്രോ | 5,181.79 | പദ്ധതി നിർവ്വഹണം 2.86 ശതമാനവും സ്ഥലമെടുപ്പ് 95.40 ശതമാനവും പൂർത്തിയായി. |
| ഹൈസ്പീഡ് റയിൽ കോറിഡോർ | സാദ്ധ്യതാ പഠനമനുസരിച്ച് 118000 കോടി രൂപയാണ് മൊത്തം പദ്ധതി ചെലവ് | പദ്ധതിക്കായുള്ള സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു. |
| തിരുവനന്തപുരം മോണോ റെയിൽ | 3,590.00 | പദ്ധതിനിർവ്വഹണത്തിന്റെ ആദ്യ ഘട്ട സ്ഥലം ഏറ്റെടുപ്പ് പുരോഗമിച്ചു വരുന്നു. പദ്ധതി നിർവഹണത്തിനുള്ള കേന്ദ്രവിഹിതവും, ബാങ്കുകളിൽ നിന്നുള്ള വായ്പയും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| കോഴിക്കോട് മോണോ റെയിൽ | 1,991.00 | |
| മൊബിലിറ്റി ഹബ് (വൈറ്റില) | 433.34 | ഒന്നാം ഘട്ടം പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിനുള്ള നടപടികൾ ആരംഭിച്ചു. |
| ഇടുക്കി പാക്കേജ് | 2.60 | കേന്ദ്രാവിഷ്കൃത പദ്ധതികളായ തെങ്ങുകൃഷി വികസനം 71.54 ശതമാനവും, ശീതകാല പച്ചക്കറി കൃഷി വികസനം (വട്ടവട, കാന്തല്ലൂർ) 73.27 ശതമാനവും, കരിമ്പുകൃഷി വികസനം (മറയൂർ, കാന്തല്ലൂർ), അഗ്രോക്ലിനിക് എന്നിവ 100 ശതമാനവും പൂർത്തീകരിച്ചു. സംസ്ഥാനാവിഷ്കൃത പദ്ധതിയായ തെങ്ങു കൃഷി വികസനം 100 ശതമാനം പൂർത്തീകരിച്ചു. |
| വയനാട് പാക്കേജ് | 6.40 | 42.56 ശതമാനം |
| ഉൾനാടൻ ജല ഗതാഗതം | ബഡ്ജറ്റിൽ ഉൾപ്പെടുന്ന പ്രവർത്തികൾക്ക് അതാത് വർഷത്തെ ബഡ്ജറ്റ് വിഹിതത്തിനനുസരിച്ചുള്ള പദ്ധതികളാണ് തയ്യാറാക്കുന്നത്. അതിനാൽ മൊത്തം പദ്ധതി ചെലവ് അതാത് വർഷത്തെ ബഡ്ജറ്റ് വിഹിതത്തിന് ആനുപാതികമായി വരുന്നതാണ്. | |
| മുല്ലപ്പെരിയാർ ഡാം | 663.00 | ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ നിർമ്മാണം തുടങ്ങിയിട്ടില്ല |
| നീര വികസന പദ്ധതി | 5.40 | ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

Bindu
സെക്ഷൻ ഓഫീസർ